**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3343** **15-02-2024 - ൽ മറുപടിയ്ക്ക്**

**വിവിധ ടൂറിസം പദ്ധതികളുടെ വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൈതൃക ടൂറിസം, മുസിരിസ് ടൂറിസം തുടങ്ങിയ പദ്ധതികൾ വ്യാപിപ്പിക്കുവാനും സ്ത്രീ സൗഹൃദ ടൂറിസം ശൃംഖല, നൈറ്റ് ലൈഫ് ആസ്വാദന പദ്ധതി എന്നിവയ്ക്ക് തുടക്കമിടുവാനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പൈതൃക ടൂറിസം മുസിരിസ് ടൂറിസം തുടങ്ങിയ പദ്ധതികൾ വ്യാപിപ്പിയ്ക്കുന്നത് വകുപ്പിന്റെ പരിഗണനയിലുണ്ട്. സ്ത്രീ സൗഹൃദ ടൂറിസം ശൃംഖല. നൈറ്റ് ലൈഫ് ആസ്വാദന പദ്ധതി എന്നിവ നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളാണ്. പൈതൃക ടൂറിസത്തിന്റെ വികസനം ലക്ഷ്യമാക്കി വകുപ്പ് മുസിരിസ് ഹെറിറ്റേജ് പദ്ധതി, ആലപ്പുഴ ഹെറിറ്റേജ് പദ്ധതി , തലശ്ശേരി ഹെറിറ്റേജ് പദ്ധതി, ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. ഇവയുടെ ഭാഗമായുള്ള പദ്ധതി പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ് . പ്രസ്തുത പദ്ധതികൾ പൂർണ്ണത കൈവരിക്കുന്ന ക്രമത്തിൽ കൂടുതൽ വ്യാപിപ്പിയ്ക്കുന്നത് പരിശോധിക്കുന്നതാണ് . കൂടാതെ പുതിയ ഹെറിറ്റേജ് പദ്ധതികൾ ആവിഷ്കരിക്കുന്നത് പരിഗണനയിലുമാണ്.<br><br>സമൂഹത്തിലെ സാധാരണക്കാരായ സ്ത്രീകളെ കൂടുതലായി ടൂറിസം രംഗത്തേക്ക് ആകർഷിച്ചുകൊണ്ട് ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിനും തികച്ചും സ്ത്രീ സൗഹൃദമായ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുള്ള വിവിധ അടിസ്ഥാന പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടത്തി വരുന്നു. ഇതിന്റെ ഭാഗമായി എക്സ്ക്ലൂസീവ് വുമൺ ടൂറുകൾ നടത്തുന്ന വിവിധ യൂണിറ്റുകൾ സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു . ഇവയെല്ലാം ഏകോപിപ്പിച്ച് ഒരു സ്ത്രീ സൗഹൃദ ടൂറിസം നെറ്റ്‌വർക്ക് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ ഉത്തരവാദിത്ത ടൂറിസം മിഷൻ ചെയ്തുവരുന്നു.<br><br>സംസ്ഥാനത്ത് വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിന്റെ ആദ്യ ഘട്ടമായി വിനോദസഞ്ചാര വകുപ്പ് കനകക്കുന്ന് കൊട്ടാരവളപ്പിൽ രാത്രികാല ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ ശംഖുമുഖത്ത് ഡി.റ്റി.പി.സി മുഖേന നൈറ്റ് ലൈഫ് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു. |
| (ബി) | കോവിഡിന് ശേഷം കേരളത്തിൽ ടൂറിസത്തിന്റെ വ്യാപ്തി പലവിധത്തിൽ വർദ്ധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ടൂറിസം സ്റ്റേറ്റാക്കി മാറ്റാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | (ബി) | കോവിഡിന് ശേഷം കേരളത്തിൽ ടൂറിസത്തിന്റെ വ്യാപ്തി പലവിധത്തിൽ വർദ്ധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ടൂറിസം സ്റ്റേറ്റാക്കി മാറ്റാനുള്ള സാധ്യത മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവൃത്തികളാണ് വകുപ്പ് നടത്തി വരുന്നത്. ഇതിന്റെ ഭാഗമായി വലിയ രീതിയിലുള്ള ആഭ്യന്തര ക്യാമ്പയിനുകൾ സംഘടിപ്പിച്ചുകൊണ്ട് ആഭ്യന്തര സഞ്ചാരികളെ വൻതോതിൽ ആകർഷിച്ചു. കോവിഡാനന്തരം ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കാൻ പ്രത്യേകം മാർക്കറ്റിംഗ് ക്യാമ്പയിനുകൾ നടത്തിയും കാരവൻ ടൂറിസം പോലുള്ള നൂതന ടൂറിസം പദ്ധതികൾ നടപ്പിലാക്കിയും, മുടങ്ങിയ ചാമ്പ്യൻസ് ബോട്ട് ലീഗ് പുനസംഘടിപ്പിച്ചും ബേപ്പൂർ വാട്ടർ ഫെസ്റ്റ് തുടങ്ങിയവ പോലുള്ള ടൂറിസം പുനരുജ്ജീവന പരിപാടികൾ കോവിഡിന്റെ ആഘാതം മറികടന്ന് കേരളത്തിലേക്കെത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിന് ശക്തമായ പിന്തുണ നൽകുന്നതിനായി, കേരളത്തിലെ ടൂറിസം സംരംഭകരെ ആകർഷിക്കുന്നതിനായി വിനോദ സഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2023 നവംബർ 16 ന് തിരുവനന്തപുരത്ത് വച്ച് ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് (TIM) ന്റെ ആദ്യ പതിപ്പ് നടത്തുകയുണ്ടായി. ഇത്തരം പ്രവർത്തനങ്ങൾ വഴി ടൂറിസം രംഗത്ത് കൂടുതൽ നിക്ഷേപകർക്ക് പ്രോത്സാഹനം ഉറപ്പാക്കുക കേരളത്തിലേക്ക് എത്തുന്ന ആഭ്യന്തര – വിദേശ സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിയ്ക്കുക, ടൂറിസം മേഖലയിൽ തൊഴിൽ അവസരങ്ങൾ കൂടുതൽ സൃഷ്ടിക്കുക എന്നിങ്ങനെ ടൂറിസത്തിന്റെ പ്രോത്സാഹനത്തിനും ആസൂത്രണത്തിനും വികസനത്തിനും സാദ്ധ്യമാകുന്നതാണ്. ഇത് കൂടാതെ ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രാദേശിക ടൂറിസത്തെ വളർത്താൻ ഒട്ടനവധി നൈപുണ്യ വികസന പരിശീലന പരിപാടികളാണ് നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ